പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4837

01/07/2013-ൽ
മറുപടി നൽകേണ്ടിയിരുന്നത്

## ലക്ചറർ ഇൻ കെമിസ്ട്രി ഒഴിവുകൾ

**ചോദ്യം**
ശ്രീ.എം.ഉമ്മർ :

**മറുപടി**
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ കെമിസ്ട്രി തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിൽ കെമിസ്ട്രി അദ്ധ്യാപക തസ്തികയിൽ 4 (നാല്) ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 30.11.2012-ലെ 586/12 കാറ്റഗറി പ്രകാരമുള്ള തസ്തികയിലേക്ക് തെരഞ്ഞെടുപ്പ് നടപടിക്രമം ഏത് ഘട്ടത്തിലാണ് ; | (ബി) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ ഇൻ കെമിസ്ട്രി തസ്തികയ്ക്കായുള്ള 586/2012 കാറ്റഗറി നമ്പരിലുള്ള വിജ്ഞാപന പ്രകാരം പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത തസ്തികയിലേക്കുള്ള നിയമനം എന്നത്തേക്ക് നൽകാൻ കഴിയും എന്ന് അറിയിക്കാമോ ? | (സി) | പരമാവധി വേഗത്തിൽ പരീക്ഷ നടത്തുന്നതിനും, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

✓